പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1226 — 08/02/2013-ൽ മറുപടിയ്ക്ക്

## റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് സ്കീം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ആർ. രാജേഷ് | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) | റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പോളിസി പ്രകാരം പദ്ധതി പ്രവർത്തനങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ (2012-13) എത്ര തുകയാണ് വകയിരുത്തിയിരുന്നത് ; | (എ) | 1894-ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമാണ് പദ്ധതി പ്രവർത്തനങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്നത്. 15-11-2011-ൽ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പോളിസിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാർ ആവശ്യത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് 5054-80-800-65 എന്ന ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ മുന്നൂറുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾക്കും ഈ ശീർഷകത്തിൽ നിന്നാണ് തുക ചെലവഴിക്കുന്നത്. |
| (ബി) | പ്രസ്തുത സ്കീം പ്രകാരം ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് സ്ഥലം ഏറ്റെടുത്തിട്ടുള്ളത് ; | (ബി) | റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പോളിസിക്ക് സർക്കാർ അംഗീകാരം നൽകിയതിന് ശേഷം സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഇങ്ങനെ സ്ഥലം ഏറ്റെടുത്തവകയിൽ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ? | (സി) | ഈ ശീർഷകത്തിൽ നിന്ന് 31-01-2013-വരെ 42,70,84,795/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.